**പതിനാലാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.997 — 06.06.2018 ന് മറുപടിയ്ക്ക്.

**കോന്നി ആനത്താവളത്തിലെ ആനയെ മുതുമലയിലേക്കു മാറ്റാനുള്ള തീരുമാനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അടൂർ പ്രകാശ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോന്നി ആനത്താവളത്തിൽ നിലവിലുള്ള സുരേന്ദ്രൻ എന്ന ആനയെ തമിഴ്നാട്ടിലെ മുതുമല ആനക്യാമ്പിലേക്ക് മാറ്റുവാൻ സർക്കാർതലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | (എ) കോന്നി ആനത്താവളത്തിലെ സുരേന്ദ്രൻ എന്ന ആനയെ ഉൾപ്പെടെ കേരളത്തിൽ നിന്നും 3 ആനകളെ തമിഴ് നാട്ടിലെ മുതുമല ആനക്യാമ്പിൽ എത്തിച്ച് 3 മാസത്തെ കുങ്കി പരിശീലനം നൽകി കേരള വനം വകുപ്പിൽ കുങ്കി ആനയാക്കി മാറ്റുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഈ ആനയെ മുതുമലയിലേക്ക് മാറ്റുന്നതിന്റെ ആവശ്യകത എന്തെന്ന് വെളിപ്പെടുത്തുമോ; | (ബി) അടുത്ത കാലത്തായി സംസ്ഥാനം അഭിമുഖീകരിക്കുന്ന രൂക്ഷമായ മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് പരിശീലനം സിദ്ധിച്ച കുങ്കി ആനകൾ അത്യാവശ്യമായി വന്നിരിക്കുന്നു. സംസ്ഥാനത്ത് നിലവിൽ ഇത്തരം ആനകൾ ഇല്ലാത്ത സാഹചര്യത്തിൽ ലക്ഷണമൊത്ത, കുങ്കി പരിശീലനത്തിന് അനുയോജ്യരായ 3 ആനകളെ തമിഴ് നാട് വനം വകുപ്പിന്റെ സഹകരണത്തോടെ കുങ്കി പരിശീലനം നൽകുവാൻ തീരുമാനിച്ചു. കുങ്കി പരിശീലനത്തിന് ആവശ്യമായ മാനദണ്ഡങ്ങൾ ഒത്തുചേർന്നു വന്നതുകൊണ്ടാണ് സുരേന്ദ്രൻ ഉൾപ്പെടെയുള്ള 3 ആനകളെ കേരളത്തിലെ ആന പരിപാലന കേന്ദ്രങ്ങളിൽ നിന്നും തെരഞ്ഞെടുത്തത്. |
| (സി) സർക്കാർതലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ലെങ്കിൽ ഇതിലേക്കായി നടപടികൾ ആരംഭിച്ചത് ആരാണെന്നു വെളിപ്പെടുത്തുമോ; | (സി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഡി) ഉദ്യോഗസ്ഥതലത്തിൽ നടത്തുന്ന നീക്കങ്ങൾ അവസാനിപ്പിച്ച് ആനയെ കോന്നിയിൽ നിലനിർത്താൻ ഉത്തരവ് നൽകുമോ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ.